LIBRARY ARCHIVES Kerala Legislative Assembly

കടാശ്വാസ കമ്മീഷന്റെ നോഡൽ ഏജൻസി

328(1074) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ഫിഷറീസ് ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഈ കാര്യത്തിൽ സഹകരണ വകുപ്പുമായുള്ള ഏകോപനത്തിന് എന്തൊക്കെ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

നോഡൽ ഏജൻസിയായി ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് എടുത്ത വായ്പകളിന്മേൽ കടാശ്വാസം അനുവദിക്കുന്നതിന് കടാശ്വാസ കമ്മീഷൻ സമർപ്പിക്കുന്ന ശിപാർശകളിന്മേൽ ഫിഷറീസ് സഹകരണ വകുപ്പിന്റെ സംയുക്ത ഓഡിറ്റ് അടിസ്ഥാനമാക്കിയാണ് കടാശ്വാസം അനുവദിക്കുന്നത്.

കൂട്ടനാട്ടിലെ മത്സ്യതൊഴിലാളികൾക്കുള്ള ആനുകൂല്യം

329(1075) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കൂട്ടനാട്ടിൽ അവരുടെ ക്ഷേമത്തിന് കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉൾനാടൻ മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിലും സ്ഥിരവരുമാനവും ഉറപ്പു വരുത്തുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ടും സാഫ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) വള്ളം, വല, എന്നിവ വാങ്ങുന്നതിനും മത്സ്യ വിപണനം കാര്യക്ഷമമായി നടത്തുന്നതിനും ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.